
# എം.ജി.എസ്സിനെ ഇത്ര പ്രകോപിപ്പിച്ചതെന്താണ്?

കെ. വേണു

**പട്ടണം ഉത്ഖനനത്തെപ്പറ്റി എം.ജി.എസ്. നാരായണൻ ആഴ്ചപ്പതിപ്പിൽ (91:41) ഉന്നയിച്ച ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്ന് വിമർശിക്കുന്നു. ഏകപക്ഷീയമായ വാദത്തിലൂടെയല്ല ആരോഗ്യകരമായ ആശയവിനിമയത്തിലൂടെയും ഗവേഷണത്തിലൂടെയുമാണ് മുസിരിസിനെക്കുറിച്ചുള്ള യാഥാർഥ്യം പുറത്തുവരേണ്ടത്. പട്ടണം ഖനനം കേരള ചരിത്രത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത ധാരണകളെ മാറ്റിമറിക്കുമെങ്കിൽ അതിനെ എതിർക്കുന്നതെന്തിനെന്നും ലേഖകൻ.**

2012 മെയ് മാസത്തിലോ മറ്റോ ആണ് പട്ടണം ഉത്ഖനനം കാണാനായി ഞാൻ പോയത്. ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് കൊടുങ്ങല്ലൂർ കേന്ദ്രമാക്കി ആരംഭിച്ചിരുന്ന മുസിരിസ് പദ്ധതിയുടെ ഭാഗമായി ഈ ഉത്ഖനനം ആരംഭിച്ചതിനെക്കുറിച്ച് കേട്ടിരുന്നു. പക്ഷേ, ഗൗരവത്തിൽ എടുത്തിരുന്നില്ല. മുസിരിസ് ടൂറിസം പ്രോജക്ടിന്റെ ഭാഗമായി പറവൂരിൽ വി.ഡി. സതീശൻ എം.എൽ.എ. സംഘടിപ്പിച്ച ഒരു സെമിനാറിൽ എം.ജി.എസ്. നാരായണനോടൊപ്പം ഞാനും പങ്കെടുക്കുകയുണ്ടായി. അന്ന് പട്ടണം ഉത്ഖനനത്തിന് നേതൃത്വം നൽകിയിരുന്ന ആർക്കിയോളജിസ്റ്റായ ഡോ. ശെൽവകുമാർ ഉത്ഖനനത്തെക്കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. ശെൽവകുമാറിനെ പരിചയമുണ്ടായിരുന്ന എം.ജി.എസ്. ഉത്ഖനനത്തെക്കുറിച്ച് നിഷേധാത്മകമായി ഒന്നും പറഞ്ഞതുമില്ല. സെമിനാറിൽ ചർച്ച കേന്ദ്രീകരിച്ചത് കൊടുങ്ങല്ലൂർ കേന്ദ്രമായുള്ള മുസിരിസ് സങ്കൽപ്പവുമായി പട്ടണത്തിനുള്ള ബന്ധമെന്ത് എന്നതായിരുന്നു. കൊടുങ്ങല്ലൂരിന് വടക്ക് മതിലകംവരെയും തെക്ക് പറവൂർവരെയും കിഴക്ക് മാളവരെയുമുള്ള മുസിരിസ് വ്യാപ്തിയെക്കുറിച്ചുള്ള പരാമർശങ്ങൾ ചർച്ചയിൽ ഉണ്ടാവുകയും ചെയ്തു.


എം.ജി.എസ്. നാരായണൻ

പട്ടണം ഉത്ഖനനത്തെക്കുറിച്ചുള്ള ഡോ. ശെൽവകുമാറിന്റെ റിപ്പോർട്ട് എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. താമസിയാതെ ഉത്ഖനനം കാണുകയും ചെയ്തു. അവിടെ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കിയപ്പോൾ, കേരള ചരിത്രത്തെക്കുറിച്ച് നിലവിലുള്ള ധാരണകൾ പലതിനെയും അട്ടിമറിക്കുന്നതും അഭ്യൂഹങ്ങൾക്കപ്പുറത്ത് കേരളപ്പഴമയെ സംബന്ധിച്ച് വസ്തുനിഷ്ഠവും നിർണായകവുമായ അനവധി വിവരങ്ങൾ പുറത്തുകൊണ്ടുവരുന്നതുമായ ഈ കണ്ടെത്തലുകൾ കേരളീയ സമൂഹത്തിന് മുന്നിൽ ഇപ്പോഴും തമസ്കരിക്കപ്പെട്ടു നിൽക്കുന്നത് എന്തുകൊണ്ട് എന്ന ചോദ്യമാണ് എന്നെ വല്ലാതെ അലട്ടിയത്. കേരള ചരിത്രത്തെക്കുറിച്ച് ഗൗരവപൂർവം പഠിക്കുന്ന പലരുമായും ഇതേക്കുറിച്ച് അന്വേഷിച്ചപ്പോൾ വ്യത്യസ്തങ്ങളായ പല അഭിപ്രായങ്ങളും കേട്ടു. പ്രബലമായ ഒരു നിരീക്ഷണപ്രകാരം കേരള ചരിത്രവുമായി ബന്ധപ്പെട്ട് നിലവിലുള്ള ശക്തമായ ചില ധാരണകളെ പൊളിക്കുന്നതാണ് പട്ടണം കണ്ടെത്തലുകൾ എന്നതുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾ പട്ടണം ഉത്ഖനനത്തിന് വാർത്താപ്രാധാന്യം ലഭിക്കാതിരിക്കാൻ ഇടപെടുന്നുണ്ടത്രെ. ഇളംകുളം കുഞ്ഞൻപിള്ള മുതൽ എം.ജി.എസ്. നാരായണന്റെ നേതൃത്വത്തിലുള്ള സമകാലീന കേരള ചരിത്രകാരന്മാർവരെയുള്ളവർ സ്ഥാപിച്ചിട്ടുള്ള കേരള ചരിത്ര ധാരണകൾ പ്രകാരം എ.ഡി. 9-ാം നൂറ്റാണ്ടിനുമുൻപ് കേരളചരിത്രത്തിൽ കാര്യമായി എടുത്തുകാണിക്കാൻ ഒന്നുമില്ലത്രെ. 9-12 നൂറ്റാണ്ടുകാലത്തെ കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയുള്ള ചേരമാൻ പെരുമാൾ ഭരണത്തിന് മുൻപ് കൃത്യമായി തെളിവുകളോടുകൂടി രേഖപ്പെടുത്താൻ പറ്റിയ ചരിത്രമില്ലെന്നാണ് ഈ ചരിത്രകാരന്മാരുടെ വിലയിരുത്തൽ. പട്ടണം കണ്ടെത്തലുകളിൽ തെളിയുന്നതുപോലെ 2000-2500 വർഷങ്ങൾക്കു മുൻപ് അവിടെ ഒരു നാഗരിക സംസ്കാരം നിലനിന്നിരുന്നു എന്നുവന്നാൽ, മുകളിൽ പറഞ്ഞ ചരിത്രസിദ്ധാന്തം പാടെ പൊളിച്ചെഴുതേണ്ടിവരും. അതുകൊണ്ട് ഇന്നത്തെ ചരിത്രകാരന്മാരിൽ മേധാവിത്തം പുലർത്തുന്ന വിഭാഗം പട്ടണം ഉത്ഖനനത്തെയും അതിന്റെ കണ്ടെത്തലുകളെയും അവഗണിക്കുകയും തമസ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണുണ്ടായതെന്നാണ് ചരിത്രകാരന്മാർക്കിടയിൽ തന്നെയുള്ള പ്രബലവാദം.

ആരംഭത്തിൽ എനിക്ക് ഈ വാദം അപ്പടി സ്വീകരിക്കാൻ തോന്നിയില്ല. എം.ജി.എസ്സുമായി വ്യക്തിപരമായി അടുപ്പവും ചരിത്രകാരനെന്ന നിലയ്ക്കും സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളിൽ സ്വതന്ത്രമായി അഭിപ്രായം പറയുന്ന ആൾ എന്ന നിലയ്ക്കുള്ള ബഹുമാനവും ഉണ്ടായിരുന്നതുകൊണ്ടും മുകളിൽ പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് സ്പഷ്ടമായ തെളിവുകൾ

ലഭ്യമല്ലാത്തതുകൊണ്ടും ഈ വിഷയത്തെപ്പറ്റി നേരിട്ട് സംസാരിക്കാൻ ഞാൻ തയ്യാറായില്ല. വിദേശങ്ങളിലെ ചരിത്രഗവേഷണ പ്രസിദ്ധീകരണങ്ങളിലും ഇന്ത്യയിൽ ചില ഇംഗ്ലീഷ് പത്രങ്ങളിലും ആനുകാലികങ്ങളിലും പട്ടണം ഉത്ഖനനത്തെക്കുറിച്ച് നല്ല റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മലയാളത്തിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ഇത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നാളിതുവരെയില്ലാത്തവിധം മലയാളി സമൂഹത്തിന് മുഴുവനും അഭിമാനിക്കാവുന്ന ഈ ഗവേഷണം അർഹിക്കുന്ന പ്രാധാന്യത്തോടെ എത്തേണ്ടിയിരുന്നത് മലയാളികളുടെ മുന്നിലാണ്. പക്ഷേ, അതാണ് ഉണ്ടാവാതെ പോയത്. ചിലയിടത്ത് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ തന്നെ, ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിലല്ല അത് നടക്കുന്നത് എന്നതുകൊണ്ട് അതിന് ആധികാരികതയില്ലെന്ന വാദത്തിനായിരുന്നു പ്രാധാന്യം. 2010 സപ്തംബറിൽ ആഴ്ചപ്പതിപ്പിൽ പട്ടണം ഉത്ഖനനത്തിന് നേതൃത്വം നൽകുന്ന KCHR (Kerala Council for Historical Research) ഡയറക്ടർപി.ജെ. ചെറിയാനും, സി.എസ്. മീനാക്ഷിയും ചേർന്ന് പട്ടണം ഗവേഷണത്തെക്കുറിച്ച് എഴുതിയ ചെറുതെങ്കിലും പ്രധാന വിവരങ്ങളെല്ലാം ഉൾക്കൊള്ളിച്ച ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും ശ്രദ്ധിക്കപ്പെടാതെ പോയി. അർഹിക്കുന്ന പ്രാധാന്യം അപ്പോഴും ലഭിച്ചില്ല.

2013-ലെ ഉത്ഖനന സീസണിൽ ഞാൻ വീണ്ടും സ്ഥലം സന്ദർശിച്ചപ്പോൾ എന്റെ സംശയങ്ങൾ ശക്തിപ്പെടുകയാണ് ഉണ്ടായത്. പട്ടണം ഉത്ഖനനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ പഠിച്ച്, നിലവിലുള്ള കേരളീയ ചരിത്ര പണ്ഡിതന്മാരുടെ നിലപാടുകളെ അതെങ്ങനെ തകർക്കുന്നു എന്ന് കണ്ടെത്തണമെന്ന് ഞാൻ ആഗ്രഹിച്ചതാണ്. പക്ഷേ, പലകാരണങ്ങൾ കൊണ്ടും അത് നടന്നില്ല. ഇപ്പോൾ ആഴ്ചപ്പതിപ്പിലെ എം.ജി.എസ്സിന്റെ മുസിരിസ്സ് ലേഖനം (91:41) കണ്ടപ്പോൾ പ്രതികരിക്കാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ കുറിപ്പ്. പട്ടണം ഉത്ഖനനത്തെ തമസ്കരിക്കുന്നതിൽ എം.ജി.എസ്സിന്റെ പങ്കിനെക്കുറിച്ച് മുകളിൽ പരാമർശിക്കപ്പെട്ട ആരോപണം തികച്ചും ശരിയാണെന്നാണ് എം.ജി.എസ്സിന്റെ ഈ ലേഖനം പകൽവെളിച്ചംപോലെ തെളിയിക്കുന്നത്. പട്ടണം ഉത്ഖനനത്തെ അവഹേളനപരമായും വികൃതവത്കരിച്ചും അവതരിപ്പിക്കുന്നതിന് അദ്ദേഹം സ്വീകരിക്കുന്ന രീതി അങ്ങേയറ്റം തരംതാണതായിപ്പോയി. എം.ജി. എസ്സിനെപ്പോലെ പ്രഗല്ഭനും പണ്ഡിതനുമായ ഒരു ചരിത്രകാരൻ എന്തിന് ഈ നിലവാരത്തിലേക്ക് താഴുന്നു എന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് പിടികിട്ടുന്നല്ല. എം.ജി. എസ്സിനെപ്പോലുള്ള ചരിത്രകാരൻ സ്വീകരിക്കേണ്ടതായ ശാസ്ത്രീയ വിശകലനരീതി അല്പംപോലും അദ്ദേഹം ഈ ലേഖനത്തിൽ സ്വീകരിച്ചിട്ടില്ല. വിശദീകരിക്കാം.

കേരള ടൂറിസംവകുപ്പിലെ ചില ഉദ്യോഗസ്ഥർ ടൂറിസ്റ്റുകളെ ആകർഷിക്കാനായി മുസിരിസ്സിനെക്കുറിച്ച് തയ്യാറാക്കിയ ഒരു പ്രചാരണ ലഘുലേഖയെ ആധാരമാക്കിയാണ് എം.ജി.എസ്. ഈ നീണ്ട ലേഖനമെഴുതിയിരിക്കുന്നത്. അദ്ദേഹംതന്നെ പറയുന്നുണ്ട്, അറിയപ്പെടുന്ന ചരിത്രകാരന്മാരുടെയോ വിദഗ്ധരുടെയോ പേരുകൾ അതിലില്ലെന്ന്. ചില വകുപ്പ്ഉദ്യോഗസ്ഥരുടെ പേര് മാത്രമാണ് ആ ലഘുലേഖയിലുള്ളത്. ചില ടൂറിസംവകുപ്പ്ഉദ്യോഗസ്ഥർ ചേർന്നു തയ്യാറാക്കിയ ഒരു പ്രചാരണ ലഘുലേഖയിലെ ചരിത്രപരമായ പരാമർശങ്ങളിലെ ശരി

**2006-ലെ ഇടതുമുന്നണി സർക്കാർ വന്നപ്പോൾ എം.എ. ബേബിയും തോമസ് ഐസക്കുംചേർന്ന് മുസിരിസ് പദ്ധതിക്ക് രൂപം നൽകുകയും പട്ടണം ഖനനത്തിനുവേണ്ടി KCHR-ന് ഫണ്ട് അനുവദിക്കുകയും ചെയ്തു. എം.ജി.എസ്സിനെ വീണ്ടും പ്രകോപിതനാക്കിയ സംഭവമാണിത്.**

തെറ്റുകളെക്കുറിച്ച് ഒരു പ്രമുഖ ചരിത്രകാരൻ വിശദമായ പരിശോധന നടത്തുന്നതിൽ എന്ത് അർഥമാണുള്ളത്? സാമാന്യബുദ്ധിയുള്ള ആർക്കും എം.ജി.എസ്സിന്റെ ഈ രീതി മനസ്സിലാവില്ല. പക്ഷേ, അദ്ദേഹത്തിന്റെ ലക്ഷ്യം ആ ലഘുലേഖയുടെ പൊള്ളത്തരം തുറന്നുകാട്ടുക എന്നതല്ല. മറിച്ച് ഈ ലഘുലേഖാചർച്ചയ്ക്കിടയിൽ അങ്ങിങ്ങ് പട്ടണം ഉത്ഖനനത്തെക്കുറിച്ച് നിരുത്തരവാദപരമായ പരാമർശങ്ങൾ നടത്തിക്കൊണ്ട്, ഈ ലഘുലേഖപോലെ ആധികാരികമല്ലാത്ത എന്തോ ചിലതൊക്കെയാണ് പട്ടണം ഉത്ഖനനം പദ്ധതിയിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് വരുത്തിത്തീർക്കുകയാണ്. ഈ ലക്ഷ്യം നേടാനുള്ള ഒരു പുകമറ മാത്രമാണ് ഈ ലഘുലേഖ. ഈ ലഘുലേഖയുമായി ബന്ധപ്പെട്ട് അദ്ദേഹം ഉന്നയിക്കുന്ന വിമർശനങ്ങളും പരാമർശങ്ങളും പരിശോധിക്കുന്നതിൽ യാതൊരർഥവുമില്ല.

സംഘകാലത്തെ മുചിരിപത്തനമാണ് ഇപ്പോൾ ഉത്ഖനനം നടന്ന പട്ടണമെന്ന ലഘുലേഖയിലെ പരാമർശത്തെ പിടിച്ചാണ് പട്ടണം ഉത്ഖനനത്തെക്കുറിച്ചുള്ള എം.ജി.എസ്സിന്റെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ഈ ലേഖനത്തിൽ ഉൾച്ചേർത്തിരിക്കുന്നത്. ഈ ഖനനത്തിന് നേതൃത്വംനല്കുന്ന KCHR-ൽ പുരാവസ്തുഗവേഷകർ ഇല്ലാത്തതുകൊണ്ട് തഞ്ചാവൂരിലെ തമിഴ് സർവകലാശാലയിലെ ഒന്നാംതരം പുരാവസ്തുഗവേഷകനായ ഡോ. ശെൽവകുമാറിനെ ഖനനച്ചുമതല ഏല്പിച്ചത് ഒരു നല്ലകാര്യംതന്നെയാണ് എന്നു പറയുന്ന എം.ജി.എസ്. അവിടെ നടന്ന ഖനനത്തെപ്പറ്റി പറയുന്നതുകൂടി നോക്കുക: "ഒരു പറമ്പിന്റെ മൂലയിൽ നാല് ചെറിയ കുഴികളുണ്ടാക്കിയാണ് പരിശോധിച്ചത്. അവയിൽനിന്ന് റോമൻ കാലഘട്ടം തുടങ്ങി പല കാലത്തുമുള്ള കലപ്പൊട്ടുകളും പേരുകളും ചില നാണയങ്ങളും പുറത്തുവന്നു. പില്ക്കാലത്തെ അറബി-ചൈനീസ് കലപ്പൊട്ടുകളും കണ്ടെത്താനിടയായി. അക്കൂട്ടത്തിൽ ജൈനസാന്നിധ്യം സൂചിപ്പിക്കുന്ന ഒരു പേരും (ചമണ-ശ്രമണ) കിട്ടി."

"ആ റിപ്പോർട്ടുകൾ വിസ്തരിച്ച് പരിശോധിച്ചതിൽ മുചിരി-മുസിരിസ് എന്ന പേരോ അവിടത്തെ കപ്പലുകളുടെ ഭാഗങ്ങളോ കാണാൻകഴിഞ്ഞില്ല. കേരളത്തിന്റെ കടൽക്കരയിൽ പല ഭാഗത്തും ഇത്തരം തെളിവുകൾ സുലഭമാണ്. പ്രൊഫ. നൊബോരു കരാഷിമയും ചില ചൈനീസ്-ജപ്പാനീസ്-ദ്രാവിഡ ഭാഷാവിദഗ്ധരും ചെന്നൈ-കലിക്കറ്റ് വിദഗ്ധരും ചേർന്ന് മംഗലാപുരംമുതൽ തിരുവനന്തപുരംവരെ നടത്തിയ ഒരന്വേഷണത്തിൽ ഒട്ടേറെ പ്രാചീനമായ കലപ്പൊട്ടുകൾ ഏതാണ്ട് ഉപരിതലത്തിൽതന്നെ കണ്ടെത്തിയിരുന്നു. അവർ അതെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്."

കേരളത്തിന്റെ തീരപ്രദേശങ്ങളിലുടനീളം ഉപരിതലത്തിൽ ചില ഭാഷാശാസ്ത്രജ്ഞരും മറ്റും നടത്തിയ പരിശോധനയിൽ കിട്ടിയ കലപ്പൊട്ടുകൾക്കും നാണയങ്ങൾക്കും മറ്റും സമാനമായി പട്ടണത്തിൽ ഡോ. ശെൽവകുമാറിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ നാലു കുഴികളിൽനിന്ന് കുറച്ച് കലപ്പൊട്ടുകളും നാണയങ്ങളും കിട്ടുകമാത്രമാണ് ഉണ്ടായത് എന്നാണ് എം.ജി.എസ്. വിലയിരുത്തുന്നത്. മുചിരി-മുസിരിസ് പേരുകളൊന്നും അവിടെനിന്നു കിട്ടിയില്ല, കപ്പലുകളുടെ ഭാഗങ്ങളൊന്നും അവിടെനിന്ന് കിട്ടിയില്ല എന്നിങ്ങനെ കിട്ടാത്ത കാര്യങ്ങളെക്കുറിച്ചു പറയുന്ന എം.ജി.എസ്. യഥാർഥത്തിൽ അവിടെ കണ്ടെടുക്കപ്പെട്ട പ്രധാന ചരിത്രാവശിഷ്ടങ്ങളെക്കുറിച്ചൊന്നും പറയുന്നുമില്ല. പട്ടണംഖനനത്തിൽ യഥാർഥത്തിൽ ▶

സംഭവിച്ചതെന്താണെന്ന് നോക്കാം.

പട്ടണത്തിൽ 2007 മുതൽ KCHR-ന്റെ നേതൃത്വത്തിൽ, ഡോ. ശെൽവകുമാർ മാത്രമല്ല, കേരളത്തിലെയും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെയും ലോകത്തിലെ വിവിധ രാജ്യങ്ങളിലെയും സർവകലാശാലകളിലെയും അനവധി ശാസ്ത്രജ്ഞർ, ഗവേഷകർ, ഗവേഷണവിദ്യാർഥികൾ എന്നിങ്ങനെ നിരവധിപേരുടെ കൂട്ടായ വൻ ഗവേഷണസംരംഭമാണ് നടന്നുകൊണ്ടിരിക്കുന്നത്. വിദേശത്തും ഇന്ത്യയിലും കേരളത്തിലുമായി അനവധി പ്രബന്ധങ്ങളും റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. എം.ജി.എസ്. പറയുംപോലെ ഈ റിപ്പോർട്ടുകൾ മുഴുവനും വേണ്ട, അവയിൽ ചിലതെങ്കിലും വിസ്തരിച്ചു പഠിച്ചിരുന്നെങ്കിൽ പട്ടണംഖനനത്തെക്കുറിച്ച് അദ്ദേഹം അവതരിപ്പിച്ചതുപോലത്തെ ഒരു ചിത്രം വരയ്ക്കാൻ കഴിയുമായിരുന്നില്ല. ഒന്നുകിൽ അദ്ദേഹം ആ റിപ്പോർട്ടുകൾ പഠിക്കുന്നതുപോകട്ടെ, കണ്ടിട്ടുപോലുമുണ്ടാവില്ല. അഥവാ കണ്ടിട്ടുണ്ടെങ്കിൽ ബുദ്ധിപരമായ സത്യസന്ധത കാറ്റിൽപറത്തിക്കൊണ്ട് തികച്ചും വാസ്തവവിരുദ്ധ പ്രസ്താവനകളാണ് അദ്ദേഹം നടത്തിയിട്ടുള്ളത്.



തോമസ് ഐസക്ക്

**2000 വർഷത്തെ പഴക്കമുള്ള, തുറമുഖ നാഗരികതയുടെ ചരിത്രാവശിഷ്ടങ്ങളാണ് പട്ടണം ഖനനത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്നത്. എം.ജി.എസ്സിനെപ്പോലുള്ളവർക്ക് കണ്ണടച്ച് ഇരുട്ടാക്കാനാവുമെങ്കിലും കണ്ണുതുറന്നിരിക്കുന്നവർക്ക് ഈ യാഥാർഥ്യത്തെ നിഷേധിക്കാനാവില്ല.**

2007 മുതൽ ഓരോ വർഷവും ഫിബ്രവരി-മെയ് മാസങ്ങളിലെ സീസൺ ഖനനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. എം.ജി.എസ്. പറയുന്നതുപോലെ ഒരു പറമ്പിന്റെ മൂലയിൽ നാല് ചെറിയ കുഴികളല്ല ഉണ്ടാക്കിയത്. 4×4 മീറ്ററിൽ 3-3 മീറ്റർ ആഴത്തിൽ 41 ട്രെഞ്ചുകളാണ് ഏഴു സീസണിലായി ഉണ്ടാക്കിയത്. അവയിൽനിന്ന് ലക്ഷക്കണക്കിന് പാത്രക്കഷണങ്ങളും ലോഹവസ്തുകളും മുത്തുമണികളും നാണയത്തുട്ടുകളും കുപ്പിമണികളുമെല്ലാം സമാഹരിച്ച് ഓരോന്നും തരംതിരിച്ച് വിവരങ്ങളടങ്ങിയ ലേബലൊട്ടിച്ച് വിശദമായ ഗവേഷണത്തിന് ഉതകുംവിധം ശേഖരിച്ചുവെച്ചിരിക്കുന്നു. ഓരോ സീസണിലും തുറക്കുന്ന ട്രെഞ്ചുകൾ സീസൺ അവസാനത്തിൽ മൂടുകയാണ് പതിവ്. ഓരോ ട്രെഞ്ചും ശാസ്ത്രീയമായ സൂക്ഷ്മതയോടെ ചെത്തിയിറക്കുന്നതു കൊണ്ട് മൂന്നുമീറ്ററോളം ഉയരത്തിലുള്ള ചുവരുകളിൽ കാലഗണനയ്ക്കു സഹായകമാംവിധം മണ്ണടരുകൾ കാണാം. ഒരു ട്രെഞ്ചിന്റെ മൂലയിൽ മൂന്നുമീറ്ററോളം ആഴത്തിൽ ഒരു കെട്ടിടത്തിന്റെ മൂലഭാഗം ഏതാനും വരി ഇഷ്ടികകൾകൊണ്ട് കണിശമായ രീതിയിൽ പണിതത് കാണാമായിരുന്നു. 16 ഇഞ്ച് നീളവും ഏഴ് ഇഞ്ച് വീതിയും രണ്ട് ഇഞ്ച് കനവുമുള്ള ചുട്ടെടുത്ത ചുവന്ന ഇഷ്ടികകളാണ് ഉപയോഗിച്ചിരുന്നത്. ചെങ്കല്ലും ചുണ്ണാമ്പും കളിമണ്ണും ചേർന്ന മിശ്രിതംകൊണ്ടാണ് ഇഷ്ടികകൾ പണിതിരുന്നത്. കാർബൺ ഡേറ്റിങ് പ്രകാരം നടത്തിയ കാലഗണനപ്രകാരം ഈ കെട്ടിടഭാഗങ്ങളുടെ പഴക്കം 2000-2500 വർഷങ്ങൾക്കിടയിലാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. മുൻവർഷങ്ങളിലെ മറ്റൊരു ട്രെഞ്ചിൽനിന്ന് ആഞ്ഞിലിമരത്തിന്റെ ഒറ്റത്തടിയിൽ ഉണ്ടാക്കിയ 20 അടിയോളം നീളമുള്ള വഞ്ചി കണ്ടെടുത്തിരുന്നു. ആദ്യം നടത്തിയ കാലഗണനപ്രകാരം ഈ വഞ്ചിയുടെ പഴക്കം 2100 വർഷമെന്നാണ് കണക്കാക്കപ്പെട്ടത്. പിന്നീട് അമേരിക്കയിലെ ജോർജിയ സർവകലാശാലയിൽ പുതിയ രീതികൾ ഉപയോഗിച്ചു നടത്തിയ കണിശമായ കാലഗണന പ്രകാരം ആ വഞ്ചിയുടെ കാലം 56 ബി.സി.-എ.ഡി. 72 എന്നാണ്. രണ്ടും തമ്മിൽ വലിയ അന്തരമില്ലെന്നു കാണാം. മറ്റു ചില ട്രെഞ്ചുകളിൽ മൂന്നുമീറ്റർ ആഴത്തിൽ ഇഷ്ടികകൾകൊണ്ട് പണിത വഞ്ചി അടുപ്പിക്കാൻപറ്റിയ കടവുകളുടെ ഭാഗങ്ങളും വഞ്ചി കെട്ടാനുള്ള മരക്കുറ്റികൾ സ്ഥാപിച്ചിട്ടുള്ളതും കണ്ടെത്തിയിട്ടുണ്ട്. കക്കൂസിനായി ഉപയോഗിച്ചതെന്ന് കണക്കാക്കപ്പെടുന്ന വലിയ ജാറുകളുടെ ഭാഗങ്ങളും കണ്ടെടുക്കാനിടയായിട്ടുണ്ട്.

ഏഴു സീസണിലായി പട്ടണംഉത്ഖനനത്തിൽ കണ്ടെടുത്ത ചരിത്രാവശിഷ്ടങ്ങളുടെ വിശദമായ പരിശോധനയിലേക്ക് ഇവിടെ കടക്കുന്നില്ല. ഒരു സാധാരണ നിരീക്ഷകന്റെ തലത്തിൽനിന്ന് നോക്കുമ്പോൾ കാണുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്യുന്നത്. കാലഗണനയുടെ കാര്യത്തിലും മറ്റും തുടർന്നുള്ള പഠനങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും 2000-ത്തോളം വർഷത്തെ പഴക്കമുള്ള, അതിലധികവും ആകാവുന്ന, തുറമുഖ നാഗരികതയുടെ വസ്തുനിഷ്ഠമായ ചരിത്രാവശിഷ്ടങ്ങളാണ് പട്ടണംഖനനത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്നത്. എം.ജി.എസ്സിനെപ്പോലുള്ളവർക്ക് കണ്ണടച്ച് ഇരുട്ടാക്കാനാവുമെങ്കിലും കണ്ണുതുറന്നിരിക്കുന്നവർക്ക് ഈ യാഥാർഥ്യത്തെ നിഷേധിക്കാനാവില്ല.

ക്രിസ് ഗോസ്ഡെൻ



ലോകനിലവാരത്തിൽതന്നെ അംഗീകാരമുള്ള എ.എസ്.ഐ. (ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ) പോലുള്ള സ്ഥാപനങ്ങൾ ഇന്ത്യയിലുള്ളപ്പോൾ അതിന്റെ മേൽനോട്ടത്തിലായിരുന്നു ഈ ഖനനം നടക്കേണ്ടിയിരുന്നതെന്ന് എം.ജി.എസ്. പറയുന്നുണ്ട്. ഖനനത്തിന്റെ ചുമതല എ.എസ്.ഐ.യെ ഏല്പിക്കാത്തതുകൊണ്ടാണ് പട്ടണംഗവേഷണത്തിന്റെ ആധികാരികത നഷ്ടപ്പെടുന്നതെന്ന വാദം പലയിടത്തും ഉയർന്നുകേട്ടിട്ടുണ്ട്. എ.എസ്.ഐ. മെച്ചപ്പെട്ട സ്ഥാപനമാണെങ്കിലും നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾക്കെല്ലാം സംഭവിച്ചിട്ടുള്ളതുപോലെ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ നീരാളിപ്പിടിത്തം കാരണം എ.എസ്.ഐ. ഏറ്റെടുത്ത പല ഖനനപദ്ധതികളും നടക്കാതെപോവുകയോ മുടങ്ങിക്കിടക്കുകയോ ചെയ്തിട്ടുള്ളതു കാണാം. അതിവിടെ വിഷയമല്ല. ഓരോ വർഷവും ഖനനം നടത്തുന്നതിനുള്ള ലൈസൻസ് എ.എസ്.ഐ.യിൽനിന്ന് വാങ്ങിക്കൊണ്ടാണ് KCHR പട്ടണംഖനനം നടത്തുന്നത്. ഏതാനും വർഷങ്ങളായിട്ട് എ.എസ്.ഐ. തൃശ്ശൂർ സർക്കിൾ പട്ടണംഖനനത്തിലെ സജീവപങ്കാളിയാണ്. എ.എസ്.ഐ.യുടെ അഖിലേന്ത്യാമേധാവി പട്ടണംഖനനസ്ഥലം സന്ദർശിക്കുകയും അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയുംചെയ്തിട്ടുണ്ട്. അതുകൊണ്ട് KCHR ഖനനത്തിന് ആധികാരികതയില്ലെന്ന് ആരോപിക്കുന്നതിൽ അർഥമില്ല.

വെറുമൊരു പുരാവസ്തുഗവേഷണമായിട്ടല്ല KCHR പട്ടണഖനനത്തെ സമീപിക്കുന്നത് എന്ന കാര്യവും ശ്രദ്ധേയമാണ്. വിവിധ ശാസ്ത്രശാഖകളെ സമന്വയിപ്പിച്ചുകൊണ്ട് ഒരു പൈതൃകസംസ്കാരത്തിന്റെ എല്ലാ വശങ്ങളും കണ്ടെത്താനുള്ള ശ്രമമാണ് KCHRനടത്തുന്നത്. 2013-ൽ ഞാൻ ഖനനസ്ഥലം സന്ദർശിച്ച സമയത്ത് ഹൈദരാബാദിലെ മോളിക്യുലാർ ബയോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള ഒരു ശാസ്ത്രജ്ഞൻ ട്രെഞ്ചുകളിൽനിന്ന് ജൈവാവശിഷ്ടങ്ങൾ ശേഖരിക്കുന്നുണ്ടായിരുന്നു. പരിശോധനയിലൂടെ പട്ടണംപ്രദേശത്ത് എത്തിയിരുന്ന മനുഷ്യവംശങ്ങൾ ഏതെല്ലാമായിരുന്നു എന്ന് കണ്ടെത്തുകയാണ് അതിന്റെ ഉദ്ദേശ്യം. പട്ടണംപ്രദേശത്തെ ഒരു പുരാവസ്തുമേഖലയായി സംരക്ഷിക്കാൻ കഴിയുംവിധം ആ പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കാൻ നടത്തുന്ന ശ്രമങ്ങളും ശ്ലാഘനീയമാണ്.

പട്ടണംഖനനത്തിന് ലോകവ്യാപ

കമായി ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരങ്ങളും ശ്രദ്ധേയമാണ്. പട്ടണംഖനനം തുടങ്ങി അധികം താമസിയാതെതന്നെ ബ്രിട്ടീഷ് മ്യൂസിയം ഈ ഖനനവുമായി സഹകരിക്കാനും പിന്നീട് പങ്കാളികളാകാനും തയ്യാറായി. ബ്രിട്ടീഷ് മ്യൂസിയവും KCHR-ഉം സംയുക്തമായി നടത്തിയ പഠനഗവേഷണസംരംഭങ്ങൾക്ക് ബ്രിട്ടീഷ് അക്കാദമി അവാർഡ് നല്കി അംഗീകരിക്കുകയുണ്ടായി. പല ഗവേഷണമേഖലകളിലും സഹകരിച്ചുകൊണ്ടിരുന്ന ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പട്ടണംഖനനത്തിൽ പൂർണ പങ്കാളിയാവാൻ തീരുമാനിച്ചത് കഴിഞ്ഞദിവസങ്ങളിലാണ്. പുരാവസ്തുശാസ്ത്രത്തിൽ ലോകനിലവാരത്തിൽതന്നെ നേതൃപദവിയിലിരിക്കാൻ അർഹതയുള്ളയാളും ഓക്സ്ഫഡ് സർവകലാശാലയിലെ പുരാവസ്തുശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ ക്രിസ് ഗോസ്ഡെനും സംഘവുമാണ് പട്ടണംഖനനത്തിൽ നേരിട്ട് പങ്കാളികളാവാൻ വരുന്നത്. പട്ടണംഖനത്തിൽ നേരിട്ട് പങ്കാളികളാവാൻ കഴിയുന്നതിലുള്ള ആവേശം പ്രകടിപ്പിച്ചുകൊണ്ടാണ് അവർ വരുന്നത്. പൗരാണിക പാശ്ചാത്യ പൗരസ്ത്യ ബന്ധത്തെ സംബന്ധിക്കുന്ന സുപ്രധാന തെളിവുകളാണ് പട്ടണംഖനനത്തിലൂടെ വെളിച്ചംകണ്ടുകൊണ്ടിരിക്കുന്നതെന്ന തിരിച്ചറിവാണ് ഈ ആവേശത്തിന് അടിസ്ഥാനം. ഇന്ത്യയിലും പുറത്തുമുള്ള മറ്റു പല യൂണിവേഴ്സിറ്റികളും പട്ടണംഖനനത്തിന് സഹകരിക്കുകയും പലരീതിയിലുള്ള പങ്കാളിത്തത്തിൽ ഏർപ്പെടുകയും ചെയ്യുകൊണ്ടിരിക്കുമ്പോൾ, കേരളത്തിലെ ചരിത്രകാരന്മാർ ഈ ഖനനത്തെ കണ്ടില്ലെന്നു നടിക്കുകയും തമസ്കരിക്കാൻശ്രമിക്കുകയും ചെയ്യുന്നു എന്നത് ഒരു വിരോധാഭാസമാണ്. പക്ഷേ, നാം കണ്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യവുമാണ്. ഈ അവസ്ഥയ്ക്ക് ഗുണകരമായ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കാനെങ്കിലും നമുക്ക് കഴിയുമോ എന്ന ചോദ്യം അവശേഷിക്കുകയാണ്.

കൊടുങ്ങല്ലൂർ ആസ്ഥാനമായി നിലനിന്ന ചേരമാൻ പെരുമാൾ ഭരണകാലത്തെക്കുറിച്ച് ഇളംകുളം മുതൽ എം.ജി.എസ്. വരെയുള്ളവർ സ്ഥാപിച്ച ചരിത്രവ്യാഖ്യാനങ്ങളെയൊന്നും പട്ടണം ഖനനം ഒരുതരത്തിലും ബാധിക്കുന്നില്ല. ചേരമാൻ പെരുമാൾ കാലത്തിനു മുൻപുണ്ടായിരുന്ന കേരളത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങളെ മാത്രമാണ് അത് ബാധിക്കുന്നത്. പട്ടണം ഖനനത്തിലൂടെ അനാവരണം ചെയ്യപ്പെടുന്ന തുറമുഖ നാഗരികതയുമായി കൊടുങ്ങല്ലൂരിനുള്ള ബന്ധം, ഈ പട്ടണം നാഗരികതയായിരുന്നു മുസിരിസ്



പി.ജെ.ചെറിയാൻ

എന്ന അഭ്യൂഹത്തിന്റെ ശരിതെറ്റുകൾ തുടങ്ങിയവയൊക്കെ ഇനിയും നടക്കുന്ന ഗവേഷണങ്ങളിലൂടെയും ചരിത്രകാരന്മാർ തമ്മിലുള്ള ആരോഗ്യകരമായ ആശയവിനിമയത്തിലൂടെയും ഭാവിയിൽ പരിഹരിക്കേണ്ട വിഷയങ്ങളാണ്.

കൊടുങ്ങല്ലൂരിന്റെ നാടൻ പാരമ്പര്യത്തെ പിൻതള്ളി മുസിരിസ് എന്ന വൈദേശിക പേരിന് മേധാവിത്വം നൽകുന്ന മുസിരിസ് പദ്ധതി ആവിഷ്കരിച്ച മുൻ ഇടതുമുന്നണി സർക്കാരുകളുടെ കൊളോണിയൽ വിധേയത്വത്തെക്കുറിച്ചൊക്കെ എം.ജി.എസ്. പറയുന്നതിനെപ്പറ്റി രണ്ടുവാക്കുകൂടി. 1996–2001 കാലത്തെ ഇടതുമുന്നണി ഭരണകാലത്തിന്റെ അവസാനഘട്ടത്തിലാണ് ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ KCHR എന്ന ചരിത്രഗവേഷണ കേന്ദ്രം രൂപവത്കരിക്കുകയും സി.പി.എം.കാരനും യുവചരിത്രകാരനുമായിരുന്ന പി.ജെ. ചെറിയാനെ അതിന്റെ ഡയറക്ടർ സ്ഥാനം ഏൽപ്പിക്കുകയും ചെയ്തത്. അതൊരു സി.പി.എം.പരിപാടിയായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു. അന്നുമുതൽക്കേ എം.ജി.എസ്സിനെപ്പോലുള്ളവർ KCHR-നോട് ശത്രുതാപരമായ സമീപനം സ്വീകരിച്ചുപോരുകയും ചെയ്തു. സി.പി.എമ്മിന്റെ അണിയറ നീക്കങ്ങളെയും ചരടുവലികളെയും കുറിച്ച് അറിയാവുന്ന ഒരാളെന്ന നിലയ്ക്ക് ഞാനും സംശയത്തോടെയാണ് അതിനെ നോക്കിക്കണ്ടിരുന്നത്. കാത്തിരുന്നു കാണാം എന്നതായിരുന്നു എന്റെ സമീപനം. പിന്നീട് 2006-ലെ ഇടതുമുന്നണി സർക്കാർ വന്നപ്പോൾ വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്ന എം.എ. ബേബിയും ധനകാര്യമന്ത്രിയായിരുന്ന തോമസ് ഐസക്കുംചേർന്ന് മുസിരിസ് പദ്ധതിക്ക് രൂപം നൽകുകയും അതിൽനിന്ന് പട്ടണം ഖനനത്തിനുവേണ്ടി KCHR-ന് ഫണ്ട് അനുവദിക്കുകയും ചെയ്തു. എം.ജി.എസ്സിനെ വീണ്ടും പ്രകോപിതനാക്കിയ സംഭവമാണിത്. ആദ്യഘട്ടത്തിൽ ഞാനും സംശയത്തോടെയാണ് നോക്കിക്കണ്ടത്. യഥാർഥത്തിൽ, ബേബിയുടെയും ഐസക്കിന്റെയും ചെറിയാന്റേയും രാഷ്ട്രീയത്തോട് എം.ജി.എസ്സിന് ഉള്ളതിനേക്കാൾ ആഴത്തിലുള്ള വിയോജിപ്പ് എനിക്കുണ്ട്. പക്ഷേ, അത് ചരിത്രഗവേഷണവുമായി കൂട്ടിക്കുഴയ്ക്കേണ്ടതില്ല. തീർച്ചയായും എല്ലാത്തരം ഗവേഷണങ്ങളെയും രാഷ്ട്രീയ വീക്ഷണങ്ങൾ സ്വാധീനിക്കുമെന്നത് ഒരു വസ്തുതയാണ്. സ്ഥാപനങ്ങളിൽ ആളുകളെ നിയമിക്കുന്നതിലും മറ്റും അത് സ്വാധീനം ചെലുത്തുകയും ചെയ്യാം. പക്ഷേ, ഇവിടെ അത്തരം പരിഗണനകളേക്കാളെല്ലാം ഉയർന്നുനിൽക്കുന്നത് പട്ടണം ഖനനം തന്നെയാണ്. ചെറിയാന്റെ നേതൃത്വത്തിൽ KCHR മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചതുകൊണ്ടുതന്നെയാണ് പട്ടണം ഖനനം ഇന്നത്തെ രീതിയിൽ പുരോഗമിച്ചതും, ബ്രിട്ടീഷ് മ്യൂസിയം, ബ്രിട്ടീഷ് അക്കാദമി, ഓക്സ്ഫഡ് യൂണിവേഴ്സിറ്റി, ജോർജിയ യൂണിവേഴ്സിറ്റി തുടങ്ങിയവയുടേയെല്ലാം സജീവ സഹകരണവും പ്രായോഗിക പങ്കാളിത്തവും നേടിയെടുത്തതും. ഹാരപ്പ-മോഹൻ ജൊദാരോയ്ക്കു ശേഷം ഇന്ത്യയിൽ നടക്കുന്ന ഏറെ ചരിത്രപ്രാധാന്യമുള്ള ഉത്ഖനനങ്ങളിൽ ഒന്നാണ് ഇപ്പോൾ പട്ടണം ഉത്ഖനനം. ഇനിയും ഈ ഗവേഷണത്തിന് ഏറെ മുന്നോട്ടുപോകാനുണ്ടെങ്കിലും അതിനെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതിന് ചെറിയാനും KCHR-ഉം എല്ലാ പിന്തുണയും അഭിനന്ദനവും അർഹിക്കുന്നു. യുവചരിത്രകാരന്മാരിൽനിന്ന് ചെറിയാനെപ്പോലൊരാൾ ഉയർന്നുവരുമ്പോൾ എം.ജി.എസ്സിനെപ്പോലുള്ളവർ എല്ലാവിധ പിന്തുണയും നൽകി പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. പകരം അദ്ദേഹം ഒരു മാടമ്പി പ്രമാണിയെപ്പോലെ 'ഇവനൊക്കെ ആരെടാ എന്നെ വെല്ലുവിളിക്കാൻ?' എന്ന മട്ടിൽ പ്രതികരിച്ചത് ദുഃഖകരമായിപ്പോയി.

**പട്ടണം ഖനനം ഇന്നത്തെ ഉന്നതിയിലെത്തും എന്ന് സങ്കൽപ്പിക്കാതെയാണെങ്കിലും മുസിരിസ് പ്രോജക്റ്റിന് തുടക്കം കുറിക്കുകയും പട്ടണം ഖനനത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്ത എം.എ. ബേബിയേയും തോമസ് ഐസക്കിനേയും ആത്മാർഥമായി അഭിനന്ദിക്കട്ടെ.**

പട്ടണം ഖനനം ഇന്നത്തെ ഉന്നതിയിലെത്തും എന്ന് സങ്കൽപ്പിക്കാതെയാണെങ്കിലും മുസിരിസ് പ്രോജക്റ്റിന് തുടക്കം കുറിക്കുകയും പട്ടണം ഖനനത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്ത എം.എ. ബേബിയേയും തോമസ് ഐസക്കിനേയും ആത്മാർഥമായി അഭിനന്ദിക്കട്ടെ. തുറന്നമനസ്സ് നഷ്ടപ്പെട്ടിട്ടില്ലാത്ത കേരള ചരിത്രകാരന്മാരാണ് പട്ടണം ഖനനത്തിലൂടെ അനാവരണം ചെയ്യപ്പെടുന്ന കേരളപ്പഴമയെ സംബന്ധിക്കുന്ന പുതിയ പരികൽപ്പനകൾക്ക് രൂപം നൽകേണ്ടത്. മുഴുവൻ മലയാളികൾക്കും അഭിമാനിക്കാവുന്നവിധം ഈ പരികൽപ്പനകൾ മുഴുവൻ സമൂഹത്തിലേക്കും എത്തിക്കേണ്ടത് മാധ്യമങ്ങളാണ്. ■

എം.എ. ബേബി

